കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - വടകര നഗരസഭയിലെ സൂപ്രണ്ട് ശ്രീ ഇ.കെ പ്രദീപ് കുമാർ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 564/15 നമ്പർ കേസിലെ 13.07.2015 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3217/2018/തസ്വഭവ            തീയതി, തിരുവനന്തപുരം, 20.12.2018

---

പരാമർശം : 1. ശ്രീ ഇ.കെ പ്രദീപ് കുമാർ സർക്കാരിൽ സമർപ്പിച്ച 03.06.2015 തീയതിയിലെ നിവേദനം.(അനക്ഷർ എ 9)

2.ശ്രീ ഇ.കെ പ്രദീപ് കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 564/15 നമ്പർ കേസിലെ 13.07.2015 തീയതിയിലെ വിധിന്യായം

3. നഗരകാര്യഡയറക്ടറുടെ 01.07.2016, തീയതിയിലെ ഇ 6-17112/13 നമ്പർ കത്ത്.

## ഉത്തരവ്

വടകര നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീ ഇ.കെ പ്രദീപ് കുമാർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷയിൽ നിലവിലെ ഗ്രഡേഷൻ ലിസ്റ്റിലെ അപാകത പരിഹരിച്ച് ടിയാൻറെ സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ ഇ.കെ പ്രദീപ് കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 564/15 നമ്പർ കേസിലെ പരാമർശം 2 പ്രകാരമുള്ള ഉത്തരവ് പ്രകാരം ശ്രീ ഇ.കെ പ്രദീപ് കുമാർ സർക്കാരിൽ സമർപ്പിച്ച അനക്സർ എ 9 നിവേദനം പരിഗണിച്ച് അപേക്ഷകനെ നേരിൽക്കേട്ട് 3 മാസത്തിനകം ഉത്തരവു പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻെ നിർദ്ദേശപ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 09.09.2015-ൽ ശ്രീ ഇ.കെ പ്രദീപ് കുമാറിനേയും ശ്രീ ജ്ഞാനപ്രകാശനേയും നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം, നഗരകാര്യ ഡയറക്ടറുടെ 21.10.1988-ലെ ബി8-692/88 നമ്പർ ഉത്തരവ് പ്രകാരം ശ്രീ പ്രദീപ് കുമാർ മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്രമനമ്പർ 49 ആയി എൽ.ഡി.സി/ബി.സി തസ്തികയിൽ 04.11.88 തീയതിയിൽ തലശ്ശേരി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചു എന്നും 11/90-ൽ ഡിപ്പാർട്ട്മെൻ്റൽ ടെസ്റ്റ് യോഗ്യത നേടിയെന്നും അറിയിച്ചു. തന്നോടൊപ്പം തന്നെ ക്രമനമ്പർ 51 ആയി ജോലിയിൽ പ്രവേശിച്ച ശ്രീ ജ്ഞാനപ്രകാശൻ 03.11.88-ൽ ജോലിയിൽ പ്രവേശിക്കുകയും 11/90-ൽ

ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടുകയും ചെയ്തു. എന്നാൽ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ തന്റെ സ്ഥാനം 76 ഉം ശ്രീ ജ്ഞാനപ്രകാശൻറെ സ്ഥാനം 19 ഉം ആയി. ഗ്രഡേഷൻ ലിസ്റ്റിന്മേൽ ആക്ഷേപം ക്ഷണിച്ചതിൻറെ അടിസ്ഥാനത്തിൽ തന്റെ സീനിയോറിറ്റി ജ്ഞാനപ്രകാശന്റെ മുകളിലായി പുന.സ്ഥാപിച്ച് കിട്ടുന്നതിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചതായും സർവ്വീസിൽ തന്റെ ജൂനിയർ ആയ ശ്രീ ജ്ഞാനപ്രകാശന് യു.ഡി ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതിക്ക് (11/91) മുമ്പ് താൻ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത (11/90) നേടിയിട്ടുള്ളതിനാൽ ടിയാന് സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുമ്പ് തന്നെ തനിക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട് എന്ന വസ്തുത പരിഗണിക്കാതെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തതായും ശ്രീ പ്രദീപ് കുമാർ അറിയിച്ചു.

3. നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം വടകര നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീ ഇ.കെ പ്രദീപ് കുമാറിന്റെ സീനിയോറിറ്റി സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതാനായി സെക്രട്ടറി മുഖാന്തിരം 05.09.2013 തീയതിയിൽ അപേക്ഷ നൽകിയിട്ടുള്ളതായും ടിയാന്റേയും ടിയാന് മുമ്പായി ഉദ്യോഗക്കയറ്റം ലഭിച്ച ടിയാന്റെ ജൂനിയറായ ജ്ഞാനപ്രകാശന്റെയും സേവനവിവരങ്ങൾ പരിശോധിച്ചിട്ടുള്ളതായും 01.10.1988 നിയമന ശുപാർശപ്രകാരം യഥാക്രമം 03.11.1988, 04.11.1988 തീയതികളിലാണ് ശ്രീ എം. ജ്ഞാനപ്രകാശൻ (ക്രമ നമ്പർ 51) ഇ.കെ പ്രദീപ് കുമാർ (ക്രമ നമ്പർ 49) എന്നിവർ എൽ.ഡി ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചത് എന്നും 06/90-ൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ ശ്രീ എം. ജ്ഞാനപ്രകാശന് 25.03.1991-ലെ ബി.8/14024/90-ാം നമ്പർ ഉത്തരവ് പ്രകാരം യു.ഡി ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകുകയും 24.06.1991-ലെ ബി.8/601/91 നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തുകയും ചെയ്യുകയും പിന്നീട് 12.11.91-ലെ 14162/91-ാം നമ്പർ ഉത്തരവ് പ്രകാരം വീണ്ടും യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുള്ളതായും അറിയിക്കുന്നു.. 11/90-ൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ ശ്രീ ഇ.കെ പ്രദീപ് കുമാറിന് 13.12.1996 ലാണ് യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിരുന്നത്. എന്നാൽ ശ്രീ എം. ജ്ഞാനപ്രകാശന് പ്രൊമോഷൻ നൽകിയ യു.ഡി ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടായ തീയതി ലഭ്യമല്ലായെന്നും സേവന വിവരങ്ങളും ടെസ്റ്റ് പാസ്സായ തീയതികളും വച്ച് പരിശോധിക്കുമ്പോൾ ശ്രീ ഇ.കെ പ്രദീപ് കുമാറിന് ശ്രീ എം.ജ്ഞാനപ്രകാശന് തൊട്ട് മുമ്പിലായി സീനിയോറിറ്റി പുന.സ്ഥാപിച്ചു നൽകുവാൻ അർഹതയുണ്ട് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം, ശ്രീ ഇ.കെ പ്രദീപ് കുമാറിന്റെ നേരിൽകേട്ടപ്പോഴത്തെ വാദങ്ങളുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ.എസ്. &എസ്.എസ്.ആർ പാർട്ട് II 28 (ബി)(ഖ) പ്രകാരം യു.ഡി.സി ഒഴിവുകൾ നിലവിൽ വന്ന തീയതിയിൽ എൽ.ഡി.സി കേഡറിൽ പ്രൊബേഷൻ പൂർത്തീകരിക്കുകയും വകുപ്പുതല പരീക്ഷ പാസ്സാവുകയും ടി പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള എൽ.ഡി.ക്ലാർക്കിനു മാത്രമേ യു.ഡി.സി തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ നിലവിൽ വ്യവസ്ഥയുള്ളൂ. യു.ഡി ക്ലാർക്ക് തസ്തികയിൽ ഒഴിവു വരുന്ന തീയതിയിൽ ടെസ്റ്റ് യോഗ്യതയടക്കം

നേടിയില്ലെങ്കിൽ പ്രൊമോഷനർഹത നേടാത്തതിനാൽ സീനിയോരിറ്റി നഷ്ടപ്പെട്ടും. ടെസ്റ്റ് യോഗ്യത കണക്കിലെടുക്കാതെ സീനിയോറിറ്റി മാത്രം മാനദണ്ഡമാക്കി പ്രൊമോഷൻ നൽകാൻ വ്യവസ്ഥയില്ലാത്തതാണ്.

5. മേൽ സാഹചര്യത്തിൽ ശ്രീ ഇ.കെ പ്രദീപ് കുമാറിന്റേയും ശ്രീ ജ്ഞാനപ്രകാശന്റേയും സേവന വിവരങ്ങളും ടെസ്റ്റ് പാസ്സായ തീയതികളും വച്ച് പരിശോധിക്കുമ്പോൾ യു.ഡി ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ലിസ്റ്റിലും ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ലിസ്റ്റിലും ശ്രീ ഇ.കെ പ്രദീപ് കുമാറിന് ശ്രീ എം.ജ്ഞാനപ്രകാശന് തൊട്ട് മുമ്പിലായി സീനിയോറിറ്റി പുന.സ്ഥാപിച്ച് നൽകുവാൻ അർഹതയുള്ളതായി കാണുന്നതിനാൽ അപ്രകാരം, കെ.എസ്. &എസ്.എസ്.ആർ പാർട്ട് II ചട്ടം 28 (ബിബിബി)-യിലെ പ്രയോഗം സംബന്ധിച്ച 10.03.2014-ലെ 524/ആർ1/14/പി.&എ.ആർ.ഡി സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് വടകര നഗരസഭയിലെ സൂപ്രണ്ട് ശ്രീ ഇ.കെ പ്രദീപ് കുമാറിന് അർഹമായ സീനിയോറിറ്റി പുന.സ്ഥാപിച്ച് നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്സർ എ 9 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.

ശ്രീ ഇ.കെ പ്രദീപ് കുമാർ, സൂപ്രണ്ട്, വടകര നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ എം. ജ്ഞാനപ്രകാശൻ, സൂപ്രണ്ട് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ